# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5520 6.7.2012-ൽ മറുപടിയ്ക്ക്

### ജലനിധി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. പി.ജെ ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ജലനിധി ഒന്നാം ഘട്ടം എത്ര ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കി ; എന്തെല്ലാം പ്രവൃത്തികളാണ് ഒന്നാം ഘട്ടത്തിൽ നടത്തിയത് ; | (എ) ജലനിധി പദ്ധതി ഒന്നാം ഘട്ടത്തിൽ 112 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി. ആവശ്യാധിഷ്ഠിത ഗാർഹിക തലത്തിലുള്ള കുടിവെള്ള വിതരണം, പുതിയ കുളങ്ങളുടെ നിർമ്മാണം, ആഴക്കുഴി കുളങ്ങളുടെ പരിവർത്തനം, ഭൂജല പരിപോഷണ പ്രവർത്തനങ്ങൾ, പരിസര ശുചീകരണത്തിനുള്ള ഗാർഹിക തലത്തിലുള്ള സംവിധാനങ്ങൾ, ഓടകളുടെ നിർമ്മാണം, ഗ്രാമപഞ്ചായത്ത് ശാക്തീകരണ പ്രവർത്തനങ്ങൾ, ആരോഗ്യ ശുചിത്വ ജലസുരക്ഷാ പ്രചരണ പ്രവർത്തനങ്ങൾ, ഗ്രാമപഞ്ചായത്തുകൾ, ഗുണഭോക്തൃ സമിതികൾ, എന്നിവയ്ക്കുള്ള പരിശീലന പരിപാടികൾ, ഏക പഞ്ചായത്ത് KWA പദ്ധതികളുടെപുനരുദ്ധാരണം, ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തു.<br>വിവിധ പഞ്ചായത്തുകളിലായി 3710 കുടിവെള്ള പദ്ധതികൾ ആരംഭിച്ചതിൽ 3705 കുടിവെള്ള പദ്ധതികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. 1,91,865 ഗ്രാമീണ കുടുംബങ്ങളിലുള്ള 11 ലക്ഷത്തോളം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് ഒന്നാംഘട്ടം നടപ്പിലാക്കിയത് ; | (ബി) | തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് |
| (സി) | ജലനിധി ഒന്നാം ഘട്ടം പ്രവൃത്തികൾക്കായി എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ; | (സി) | പഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതം എന്നിവയുൾ പ്പെടെ 409.28 കോടി രൂപ ചെലവഴിച്ചു. ഇതിൽ 316 കോടി രൂപ (ലോകബാങ്ക് വായ്പ ഉൾ പ്പെടെ) സർക്കാർ വിഹിതമാണ്. വിശദാംശം ഇപ്രകാരമാണ്. |

(രൂപ കോടി)

| | |
|---|---|
| സംസ്ഥാന സർക്കാർ (278.16 കോടി രൂപ ലോക ബാങ്ക് സഹായം ഉൾ പ്പെടെ | 316.00 |
| ഗുണഭോക്തൃ വിഹിതം | 54.06 |
| പഞ്ചായത്ത് വിഹിതം | 28.01 |
| ARWSP-KWA മുഖേന | 11.00 |
| മറ്റിനം | 0.21 |
| ആകെ - | **409.28** |

| | | | |
|---|---|---|---|
| (ഡി) | ജലനിധി രണ്ടാം ഘട്ടം ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് ; | (ഡി) | ജലനിധി രണ്ടാം ഘട്ടം 200 ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. രണ്ടാം ഘട്ടത്തിൽ ആദ്യബാച്ചിൽ ഉൾ പ്പെട്ട പഞ്ചായത്തുകൾ താഴെപ്പറയുന്നവയാണ്. |

| നം | ജില്ല | പഞ്ചായത്ത് |
|---|---|---|
| 1 | തിരുവനന്തപുരം | മാണിക്കൽ |
| 2. | കൊല്ലം | മൈനാഗപ്പള്ളി |
| 3. | | കലശേഖരപുരം |
| 4. | പത്തനംതിട്ട | കന്നത്താനം |
| 5. | | റാന്നി |
| 6. | കോട്ടയം | കടപ്ലാമറ്റം |
| 7. | | മുത്തോളി |
| 8. | ഇടുക്കി | കൊന്നത്തടി |
| 9. | | ഇടുക്കി- |

| | | |
|---|---|---|
| | | കഞ്ഞിക്കുഴി |
| 10<br>11 | തൃശ്ശൂർ | എളവള്ളി<br>നടത്തറ |
| 12 | പാലക്കാട് | എലവഞ്ചേരി |
| 13<br>14 | മലപ്പുറം | കരുവാരക്കുണ്ട്<br>കുറ്റിപ്പുറം |
| 15<br>16 | കോഴിക്കോട് | താമരശ്ശേരി<br>ചെറുവണ്ണൂർ |
| 17<br>18 | കണ്ണൂർ | ഇരിക്കൂർ<br>ഉദയഗിരി |
| 19 | വയനാട് | നൂൽപ്പുഴ |
| 20<br>21<br>22 | കാസർ ഗോഡ് | പുത്തിഗെ<br>പുല്ലൂർ-പെരിയ<br>പടന്ന |

അടുത്ത ബാച്ചിലേക്കുളള പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുളള നടപടികൾ പൂർത്തീകരിച്ചു. 112 പഞ്ചായത്തുകൾ രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്തുകഴിഞ്ഞു.

(ഇ) ജലനിധി രണ്ടാം ഘട്ട പദ്ധതി തുകയുടെ വിശദാംശം ലഭ്യമാക്കാമോ ?

(ഇ) രണ്ടാംഘട്ട പദ്ധതിയുടെ എസ്റ്റിമേറ്റ് 1022 കോടി രൂപയാണ്. വിശദാംശം താഴെചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| ലോകബാങ്ക് വായ്പാ സഹായം | - | 658 | കോടി രൂപ |
| സംസ്ഥാന സർക്കാർ വിഹിതം | - | 196 | " |
| പഞ്ചായത്ത് വിഹിതം | - | 119 | " |
| ഗുണഭോക്തൃ വിഹിതം | - | 49 | " |
| ആകെ | | 1022 | |

സെക്ഷൻ ഓഫീസർ